File No.SJD/3056/2020-C3

Site

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :24/06/2021
Email - swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- സാമൂഹ്യനീതിവകുപ്പ്- - കീഴ്കാര്യലയങ്ങളിൽ 2020-21 വർഷത്തിൽ വാടകക്കെടുത്ത കരാർ വാഹനങ്ങളുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് - സംബന്ധിച്ച്

സൂചന :- 1. എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ 31/5/2021 തീയതിയിലെ DPO/E-129/2021 നമ്പർ കത്ത്

2.സാമൂഹ്യനീതി ഡയറക്ടറുടെ 13/5/2021 തീയതിയിലെ SJD/3056/2020-C3 നമ്പർ കത്ത്

സാമൂഹ്യനീതി വകുപ്പിലെ സ്വന്തമായി വാഹനമില്ലാത്ത കീഴ് കാര്യാലയങ്ങളിൽ ഉപയോഗിച്ചു വരുന്ന 2020-21 വർഷത്തെ കരാർ വാഹനങ്ങൾ നിലവിലെ നിരക്കിലും നിബന്ധനകൾക്ക് വിധേയമായും 30/6/2021 വരെ ഉപയോഗിക്കുവാനും, 2020-21 വർഷത്തിൽ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടക്കെടുക്കേണ്ട കാര്യാലയങ്ങൾ 30/6/2021 നകം ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി അംഗീകാരം തേടേണ്ടതാണെന്നും സൂചന 2 പ്രകാരം നിർദേശിച്ചിരുന്നു. എന്നാൽ കോവിഡ് 19 തീവ്ര വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ ലോക്ക് ഡൌൺ പ്രഖ്യാപിക്കപ്പെട്ടതിനാൽ മേൽ നിർദേശാനുസരണം ടെൻഡർ നടപടികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ലായെന്നും വിവിധ ഔദ്യോഗികാവശ്യങ്ങൾക്ക് വാഹനം അത്യന്താപേക്ഷിതമായതിനാൽ നിലവിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന കരാർ വാഹനത്തിൻറെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നും സൂചന 1 പ്രകാരം എറണാകുളം ജില്ലാ പ്രൊബേഷൻ ഓഫീസർ അപേക്ഷിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ കീഴ് കാര്യാലയങ്ങളിൽ ഉപയോഗിച്ച് വരുന്ന 2020-21 സാമ്പത്തിക വർഷത്തെ കരാർ വാഹനങ്ങൾ നിലവിലെ നിരക്കിലും നിബന്ധനകൾക്കും വിധേയമായി തുടർന്നും 31/8/2021 വരെ ഉപയോഗിക്കാവുന്നതാണ്. 2021-22 സാമ്പത്തിക വർഷത്തിൽ കരാർ വാഹനങ്ങൾ വാടകക്ക് എടുക്കേണ്ട കീഴ് കാര്യാലയങ്ങൾ 31/8/2021 ന് മുൻപായി നിർബന്ധമായും ടെൻഡർ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി